കാലങ്ങളിൽ ഇംപ്ലിമെന്റിംഗ് ആഫീസർമാരുടെയും വകുപ്പുസെക്രട്ടറിമാരുടെയും മീറ്റിംഗ് വിളിച്ചുകൂട്ടി പ്രവർത്തനം വിലയിരുത്താറുണ്ട്.

ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കിൽനിന്നുള്ള വായ്പ

35 (367) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കിൽനിന്ന് വായ്പയെടുക്കാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തു തുക വായ്പയെടുക്കാൻ ഉദ്ദേശിക്കുന്നു എന്ന് പറയാമോ; ഇതിൽനിന്നു വല്ലതുകയും ഇതുവരെ കിട്ടിയോ;

(സി) ഈ വായ്പ എന്നു കിട്ടുമെന്ന് പറയുമോ; ഈ വായ്പ കിട്ടുന്നത് സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അന്തിമ തീരുമാനമായിട്ടില്ലാത്തതിനാൽ ഇതുവരെ യാതൊരു തുകയും ലഭിച്ചിട്ടില്ല.

(സി) അന്തിമഘട്ട ചർച്ചകൾക്കുശേഷമേ വായ്പ എന്നു കിട്ടുമെന്ന് പറയുവാൻ കഴിയൂ.

ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് ബോർഡ് ലോൺ

36 (368) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് ബോർഡ് ലോൺ ഫ്ളോട്ട് ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് തുക പിരിഞ്ഞുകിട്ടി;

(സി) ഈ തുകയിൽനിന്ന് വായ്പ ലഭിക്കുവാൻ എത്ര സ്ഥാപനങ്ങൾ അപേക്ഷ തന്നിട്ടുണ്ട്;

(ഡി) ഈ അപേക്ഷകൾ പരിഗണിക്കുവാൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് ബോർഡ് എന്നെല്ലാം യോഗങ്ങൾ കൂടി;

(ഇ) ഈ ബോർഡിലെ അംഗങ്ങൾ ആരെല്ലാമാണ്; ഏതെല്ലാം സ്ഥാപനങ്ങൾക്ക് എന്ത് തുക വീതം വായ്പ അനുവദിച്ചു?

ഉത്തരം

(എ) ഉണ്ട്.

(ബി) 507.06 കോടി രൂപ.

(സി) അപേക്ഷയൊന്നും തന്നിട്ടില്ല.

(ഡി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

(ഇ) ബോർഡിലെ അംഗങ്ങളുടെ പേരുവിവരം താഴെ കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly